## എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം :- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം-പൊതുസ്ഥലംമാറ്റം 2017- സീനിയർ ക്ളർക്കുമാരുടെ സ്ഥലംമാറ്റവും നിയമനവും-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) പഞ്ചായത്ത് ഡയറക്ടറുടെ 28.06.2017 ലെ ഇ4-04/2017 നമ്പർ ഉത്തരവ്.
2) ഈ ആഫീസിലെ 07.07.2017 ലെ ഇ4-3128/17 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ4-3128/2017 തീയതി 13/07/2017**

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ളർക്കായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി സിനി ടി എസ് എന്ന ജീവനക്കാരിയെ സൂചന 1 ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലേക്ക് അലോട്ട് ചെയ്ത് ഉത്തരവായിരുന്നതും ടിയാരിയെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ശ്രീ വിജീഷ് കെ വി യെ സ്ഥലം മാറ്റിയ ഒഴിവിൽ സൂചന 2 പ്രകാരം നിയമിച്ചിരുന്നതുമാണ്. ശ്രീ വിജീഷ് കെ വി യെ നിയമിച്ച കുമ്പളം ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ ശ്രീമതി സിനി ടി എസ് -നെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ ശ്രീമതി സിന്ധു എം കെ യെ നിയമിച്ച ഒഴിവിൽ നിയമിച്ചുകൊണ്ടും ശ്രീ വിജീഷ് കെ വി യെ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതും, ജീവനക്കാരി ജോലിയിൽ പ്രവേശിച്ച വിവരം ഈ ആഫീസിലേക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**അബ്ദുൾ ജവാദ് എം എഫ്**
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം

വ്യക്തിക്ക്.

പകർപ്പ് :-

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്
3. സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്.
4. സെക്രട്ടറി, എടവിലങ്ങ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
5. കരുതൽ/അധികം

//ആജ്ഞാനുസരണം//

OFFICE OF THE DEPUTY DIRECTOR OF PANCHAYATS ERNAKULAM

ജൂനിയർ സൂപ്രണ്ട്.

എൽ